# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**വ്യാജ മുദ്രപ്പത്രങ്ങൾ കണ്ടുപിടിക്കുന്നതിന് നടപടികൾ**

4938 **ശ്രീ. മുല്ലക്കര രത്നാകരൻ**
**,, കെ. രാജു**
**ശ്രീമതി ഇ. എസ്. ബിജിമോൾ**
**ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ മുദ്രപ്പത്രങ്ങൾ കണ്ടുപിടിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യാജ മുദ്രപ്പത്രം തടയുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്, ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ മുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

## 04.07.2012 -ലെ മറുപടിക്ക്

**നികുതി വകുപ്പിന് കീഴിലുള്ള ചെക്ക് പോസ്റ്റുകൾ**

4939 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം വാണിജ്യ നികുതി ചെക്ക് പോസ്റ്റ് ഒഴികെ ജില്ലയിൽ നികുതി വകുപ്പിന് കീഴിലുള്ള എത്ര ചെക്ക് പോസ്റ്റുകൾ ഉണ്ട്;

(ബി) ഇത്രയും ചെക്ക് പോസ്റ്റുകളിൽ ജോലി ചെയ്യാനാവശ്യമായ വാണിജ്യ നികുതി ഇൻസ്പെക്ടർമാരുടെയും ഓഫീസ് അസിസ്റ്റന്റുമാരുടെയും എണ്ണം എത്ര;

(സി) ഇവിടങ്ങളിൽ എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നു; ചെക്ക് പോസ്റ്റ് തിരിച്ച് അറിയിക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഇ-പേയ്മെന്റ് സമ്പ്രദായം**

**4940 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യ നികുതി വകുപ്പിൽ ഇ-പേയ്മെന്റ് സമ്പ്രദായം നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ബാങ്കുകൾ വഴിയാണ് ഇപ്പോൾ പേയ്മെന്റ് നടത്തുവാൻ സൗകര്യമുള്ളത് ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ചെക്ക്പോസ്റ്റുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നികുതി വെട്ടിപ്പ് തടയാൻ നടപടി**

**4941 ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് നിയന്ത്രിക്കാൻ ചെക്ക്പോസ്റ്റുകളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് ;

(ബി) ഏതൊക്കെ ചെക്ക്പോസ്റ്റുകളിലാണ് ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് നികുതി വെട്ടിപ്പ് തടയാൻ നടപടി സ്വീകരിച്ചിട്ടുള്ളത്;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം നികുതി വെട്ടിപ്പ് വഴി എത്ര കോടി രൂപയുടെ നികുതി ചോർച്ച ഉണ്ടായിട്ടുണ്ട് ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കാർഷികാദായത്തിന്മേൽ ചുമത്താവുന്ന നികുതികളും സർചാർജുകളിലും വർദ്ധന**

**4942 ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാർഷികാദായത്തിന്മേൽ ചുമത്താവുന്ന നികുതികളിലും സർചാർജുകളിലും 2011-12 വർഷത്തിൽ പ്രതീക്ഷിച്ച വർദ്ധന എത്രയായിരുന്നു; ലഭിച്ചത് എത്രയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>മോട്ടോർ വാഹന നികുതിയിനത്തിലെ വരുമാനം</u>**

**4943 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നികുതിയിനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് വരുമാനം ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത നികുതിയിനത്തിൽ ലഭിച്ച തുകയിൽ എത്ര തുകയാണ് റോഡ് വികസനത്തിനായി നീക്കിവച്ചത് ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>നികുതി വെട്ടിപ്പ് അന്വേഷണം</u>

4944 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നടന്ന അന്തർസംസ്ഥാന വ്യാപാരത്തിലെ തിരിമറികളും സർക്കാർ ജീവനക്കാരുടെ ഒത്താശയോടെ നടന്ന നികുതിവെട്ടിപ്പുകളും നിമിത്തം ഉണ്ടായ ആയിരത്തിഅഞ്ഞൂറ് കോടിയിൽപ്പരം രൂപയുടെ നികുതി വെട്ടിപ്പ് സംബന്ധിച്ച് സംസ്ഥാന നികുതി വകുപ്പിനെതിരെയുള്ള സി. എ. ജി. റിപ്പോർട്ടിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) അന്തർസംസ്ഥാന വ്യാപാര ഇടപാടുകളിൽ വ്യാജഫോറം 'സി' ഹാജരാക്കി കോടികളുടെ നികുതിവെട്ടിപ്പ് നടത്തിയിട്ടുള്ളതിന്മേലുള്ള അന്വേഷണപുരോഗതി വിശദമാക്കുമോ ;

(സി) അനുബന്ധവിഷയത്തിൽ അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ അടിയന്തിര അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തൽ**

4945 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകളിൽ കൂടി ബൈക്കുകളിൽ നികുതി വെട്ടിച്ച് ഇറച്ചിക്കോഴി കടത്തുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ചെക്ക് പോസ്റ്റുകളിൽ കൂടിയാണ് ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തുന്നത് ;

(സി) ഇതുവഴി പ്രതിദിനം സംസ്ഥാന ഖജനാവിന് വരുന്ന നഷ്ടം എത്ര ; വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ നികുതി വെട്ടിച്ച് ഇറച്ചിക്കോഴി കൊണ്ടു പോകുന്നവർക്ക് ചെക്ക് പോസ്റ്റിലെ ചില ഉദ്യോഗസ്ഥർ ഇപ്പോൾ കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; ഉണ്ടെങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കു വാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(ഇ) ഇത്തരത്തിൽ നികുതി വെട്ടിച്ച് ബൈക്കുകളിൽ ഇറച്ചിക്കോഴി കടത്തുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കു മോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ബേക്കറി ഉൽപ്പന്നങ്ങൾക്ക് നികുതി**

4946 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേക്കറി ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നികുതി എത്ര ശതമാനമാണ്;

(ബി) ബ്രാന്റായി രജിസ്റ്റർ ചെയ്യുന്ന ഉൽപ്പനങ്ങൾക്ക് എത്ര ശതമാനമാണ് ടാക്സ് നിശ്ചയിച്ചിട്ടുള്ളത്; ഇത് എന്നു മുതൽ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തുന്ന അതേ നിരക്കിൽ, കേരളത്തിന്റെ തനത് നാടൻ പലഹാരങ്ങളുൾപ്പെടെയുള്ള ബേക്കറിയുൽപ്പന്നങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നത് ഈ മേഖലയുടെ തകർച്ചയ്ക്ക് വഴി വെയ്ക്കുകയും, പതിനായിരക്കണക്കിന് കുടുംബങ്ങളുടെ വരുമാനം ഇല്ലാതാവുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബഹുരാഷ്ട്ര കുത്തകകളെ ചെറുക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ട്രേഡ്മാർക്ക് രജിസ്ട്രേഷൻ എടുത്ത് ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്തതിന്റെ പേരിൽ കനത്ത നികുതി ഏർപ്പെടുത്തുന്നത് ഈ വ്യവസായത്തോട് സ്വീകരിക്കുന്ന നിഷേധാത്മക നിലപാടിന്റെ ഭാഗവും ഈ രംഗത്തുള്ള കുത്തക കമ്പനികളെ സഹായിക്കുകയും ചെയ്യുന്ന നിലപാടല്ലേ;

(ഇ) 2006 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള നികുതി 6 വർഷത്തെ കുടിശ്ശിക സഹിതം ബേക്കറി സംരംഭകരിൽ നിന്നും പിരിച്ചെടുക്കാൻ ഉത്തരവു നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ഹാജരാക്കുമോ;

(എഫ്) തനത് ബേക്കറി ഉൽപ്പന്നങ്ങൾക്ക് എല്ലാം രജിസ്റ്റേർഡ് ബ്രാൻഡായി മാർക്കറ്റു ചെയ്യാനും, അവയ്ക്കുള്ള നികുതി 4 ശതമാനമാക്കി നില നിർത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിയുടെ നികുതി കുടിശ്ശികയുടെ പിഴയും പലിശയും ഒഴിവാക്കൽ**

4947 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഷോളയാർ പട്ടികവർഗ്ഗ സൊസൈറ്റിയുടെ, 2004-2008 വർഷങ്ങളിലെ നികുതി കുടിശ്ശിക പിടിച്ചെടുത്ത സാഹചര്യത്തിൽ അതിന്റെ പിഴയും, പലിശയും ഒഴിവാക്കുന്നതിന് സംഘം സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ അനുകൂലമായ നടപടി സ്വീകരിച്ച് നികുതി കുടിശ്ശികയുടെ പിഴയും, പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ഭാഗ്യക്കുറികൾ</u>**

4948 **ശ്രീ. ഇ. ചന്ദ്രശേഖരൻ**
**,, ഇ. കെ. വിജയൻ**
**,, ജി. എസ്. ജയലാൽ**
**,, വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ ഏതെല്ലാം തരത്തിലുള്ള ഭാഗ്യക്കുറികളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഇനം ഭാഗ്യക്കുറികളുടെയും സമ്മാന ഘടന എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭാഗ്യക്കുറികളുടെ സമ്മാന ഘടനയിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഏതു വിധത്തിലാണ് സമ്മാന ഘടന പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) കാരുണ്യ ഭാഗ്യക്കുറി ഉപയോഗിച്ചുള്ള ധനസഹായത്തിനായി ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു, എത്ര അപേക്ഷകൾ പരിഗണിച്ചു ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഭാഗ്യക്കുറി നടത്തിപ്പിലെ മാറ്റങ്ങൾ**

**4949** **ശ്രീ. കെ. അച്ചുതൻ**
'' **വി.ഡി. സതീശൻ**
'' **റ്റി.എൻ. പ്രതാപൻ**
'' **തേറമ്പിൽ രാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാഗ്യക്കുറി നടത്തിപ്പിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്;

(ബി) സമ്മാന ഘടനയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**<u>കാരുണ്യ ഭാഗ്യക്കുറിയിൽ നിന്ന് നിർദ്ധന രോഗികളുടെ ചികിത്സയ്ക്കുവേണ്ടി ധനം</u>**

**4950**

**ശ്രീ. കെ. ശിവദാസൻ നായർ**
**,, അൻവർ സാദത്ത്**
**,, വി. റ്റി. ബൽറാം**
**,, ഹൈബി ഈഡൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാരുണ്യ ഭാഗ്യക്കുറിയിൽ നിന്ന് നിർദ്ധന രോഗികളുടെ ചികിത്സയ്ക്കുവേണ്ടി ആശുപത്രികൾക്ക് കൂടുതൽ ധനം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;**

(ബി) **എങ്കിൽ അപേക്ഷ സമർപ്പിക്കുകയും സഹായ ധനം ആശുപത്രികളിൽ എത്തുന്നതിനു മുൻപ് സ്വന്തം ചെലവിൽ ചികിത്സ നടത്തുകയും ചെയ്യുന്നവർക്ക് തുക മടക്കി നൽകുന്ന കാര്യം ആലോചിക്കുമോ;**

(സി) **ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കാരുണ്യ ബിനവലന്റ് ഫണ്ടിൽ**
**നിലവിലുള്ള ബാക്കിതുക**

**4951**

**ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കാരുണ്യ ബിനവലന്റ് ഫണ്ടിൽ നിലവിൽ എത്ര രൂപയാണ് ബാക്കിയുള്ളത്?

**കേരള നിയമസഭ**

**04.07.2012 -ലെ മറുപടിക്ക്**

**<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>**

**4952** **ശ്രീ. എ. റ്റി. ജോർജ്**
**,, ഹൈബി ഈഡൻ**
**,, ജോസഫ് വാഴക്കൻ**
**,, വർക്കല കഹാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് പ്രമുഖ സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികളെ അക്രെഡിറ്റ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;**

(ബി) **ഇതിനായി സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് മാനദണ്ഡങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ലോട്ടറി ക്ഷേമനിധി ബോർഡിൽ അംഗത്വം**

4953 **ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ക്ഷേമനിധി ബോർഡിന്റെ ചട്ടപ്രകാരം ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിന് അർഹതയുളളത് ആർക്കൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) ലോട്ടറി ക്ഷേമനിധി ബോർഡിന്റെ ചെയർമാൻ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തുവെന്ന കാര്യത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത നടപടി നിയമാനുസൃതമാണോ;

(സി) ഇതിനെതിരെ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ലോട്ടറി ഏജന്റുമാർക്ക് ആശ്വാസ ഫണ്ട്**

4954 ശ്രീ. കെ. അച്ചുതൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ലോട്ടറി ഏജന്റുമാർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് പുതുതായി നൽകിയത്; വിശദമാക്കുമോ;

(ബി) ഏജന്റുമാർക്ക് ഡിസ്ക്കൗണ്ട് സ്ലാബ് നിരക്കുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതുമൂലം എന്തെല്ലാം ആനുകൂല്യങ്ങളാണ് ഏജന്റുമാർക്ക് ലഭിച്ചത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ശ്രീ. ജോര്‍ജിന് ലഭിച്ച ലോട്ടറി സമ്മാനം</u>

4955 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഇടുക്കി, കാഞ്ചിയാര്‍ പി. ഒ., ഇടയപ്പുരക്കല്‍ ശ്രീ. ജോര്‍ജ് മാമ്മന്റെ റ്റി. എസ്.399602 നമ്പര്‍ ലോട്ടറി ടിക്കറ്റിന് ഒരു കോടി രൂപ സമ്മാനര്‍ഹമായി 2011 സെപ്റ്റംബര്‍ മാസം 17-ാം തീയതി പ്രഖ്യാപനം നടത്തിയിരുന്നോ;

(ബി) ശ്രീ. ജോര്‍ജിന് സമ്മാനമായി പ്രഖ്യാപിച്ച ഒരു കോടി രൂപ നല്‍കുകയുണ്ടായോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ;

(സി) ഒരു കോടി രൂപയ്ക്ക് പകരം പത്ത് ലക്ഷം രൂപ സമാശ്വാസ സമ്മാനം നല്‍കാം എന്ന് പ്രഖ്യാപിച്ചിരുന്നോ; ടിയാന് ഈ സമ്മാനം നല്‍കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വ്യക്തമാക്കാമോ;

(ഡി) ഒരു കോടി രൂപ സമ്മാനര്‍ഹമായി രണ്ടാമത് പ്രഖ്യാപനം നടത്തിയ ടിക്കറ്റ് നമ്പര്‍ വ്യക്തമാക്കാമോ. ഈ ടിക്കറ്റിന്റെ അവകാശി സമ്മാനത്തിനായി എത്തുകയുണ്ടായോ;

(ഇ) സമാശ്വാസ സമ്മാനമായി ശ്രീ. ജോര്‍ജിന് പ്രഖ്യാപിച്ചിരുന്ന പത്തുലക്ഷം രൂപ അടിയന്തിരമായി നല്‍കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ചിട്ടി നിയമം</u>

4956

### ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ കേന്ദ്ര ചിട്ടി ആക്ടിന് അനുസൃതമായ ചിട്ടി നിയമങ്ങൾക്ക് സംസ്ഥാനത്ത് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ചിട്ടി കമ്പനികളുടെ ചൂഷണത്തിൽ നിന്നും വരിക്കാരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കേന്ദ്ര ചിട്ടിനിയമത്തിന്റെ വിജ്ഞാപനം</u>

**4957** **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ചിട്ടി നിയമം (ചിറ്റ് ഫണ്ട്സ് ആക്റ്റ്) ഇന്ത്യ മുഴുവൻ ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നോട്ടിഫിക്കേഷൻ നൽകിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി രജിസ്ട്രാർ, അപ്പലേറ്റ് അതോറിറ്റി എന്നിവയുടെ നിയമനം നടന്നിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാരിന്റെ പ്രത്യേക അനുമതി പ്രകാരം പരമാവധി 10 വർഷം വരെ കാലദൈർഘ്യമുള്ള ചിട്ടികളെ നടത്താവൂ എന്നിരിക്കെ കേന്ദ്ര ചിട്ടിനിയമ പ്രകാരമുള്ള 5 വർഷം പരമാവധി ദൈർഘ്യമുള്ള ചിട്ടികൾക്കു പകരം ചില പ്രൈവറ്റ് ചിട്ടി കമ്പനികൾ 180 മാസം വരെ കാലാവധിയുള്ള ചിട്ടികൾ പരസ്യപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പരാതിയില്ലാതെപോലും പോലീസിന് ഇത്തരം വിഷയങ്ങളിൽ കേസെടുക്കാമെന്നിരിക്കെ കേരളത്തിൽ എത്ര കേസ്സുകൾ ഇത്തരം ചിട്ടി സ്ഥാപനങ്ങൾക്കും ഉടമകൾക്കും എതിരെ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>കേന്ദ്ര ചിട്ടിനിയമത്തിലെ വ്യവസ്ഥകൾ</u>

4958 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടിനിയമം സെക്ഷൻ 87 പ്രകാരം ചില ചിട്ടി സ്ഥാപനങ്ങൾക്ക് നിയമത്തിലെ വ്യവസ്ഥകൾ ഇളവു ചെയ്തു കൊടുക്കുവാൻ സംസ്ഥാന സർക്കാരിന് പ്രത്യേക അധികാരം ലഭിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പല സ്വകാര്യ ചിട്ടികമ്പനികൾക്കും വൻതുക കൈപ്പറ്റിക്കൊണ്ട് ഇപ്രകാരം ഇളവുകൾ നൽകാൻ ധനകാര്യവകുപ്പിൽ നീക്കം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം സംഭവിക്കാതിരിക്കാൻ എന്തുനടപടി സർക്കാർ കൈക്കൊണ്ടു എന്ന് പറയാമോ;

(ബി) പൊതുമേഖല സ്ഥാപനമായ കെ.എസ്.എഫ്.ഇ. ഇപ്പോൾ ചിട്ടികൾ രജിസ്റ്റർ ചെയ്യാറുണ്ടോ; കെ.എസ്.എഫ്.ഇ. ചിട്ടികൾ ഇപ്പോൾ ഏതു നിയമപ്രകാരമാണ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ചിട്ടിനിയമത്തിലെ പഴുതുകൾ പ്രയോജനപ്പെടുത്തി കേരളത്തിന്റെ തനത് സമ്പാദ്യപദ്ധതിയായ ചിട്ടിമേഖലയിലേയ്ക്ക് റിലയൻസ് പോലുള്ള ഇന്ത്യൻ കുത്തകകളും ചില വിദേശ കുത്തകകളും സംസ്ഥാന ധനം മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് കടത്താനുള്ള സാധ്യത ബോധ്യപ്പെട്ടിട്ടുണ്ടോ; ഇത്തരം അധിനിവേശങ്ങളെ ചെറുക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**'സാഫല്യം' ഭവന പദ്ധതി**

**4959 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'സാഫല്യം' ഭവനപദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര വീടുകളാണ് നിർമ്മിച്ചത്;

(ബി) എത്ര തുകയാണ് സബ്സിഡിയിനത്തിൽ നൽകിയതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സാഫല്യം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം**

**4960 ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാഫല്യം ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകളെ പൂർണ്ണമായി അവഗണിക്കാൻ കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>എം. എൻ. ലക്ഷം വീട് വിപുലീകരണ പദ്ധതി</u>

4961

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഭവന നിർമ്മാണ പദ്ധതികൾ നിലവിലുണ്ട് എന്നും അവ ഏതെല്ലാമാണെന്നും അവയുടെ പ്രവർത്തനം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) എം. എൻ. ലക്ഷം വീട് വിപുലീകരണ പദ്ധതി പ്രകാരം ലക്ഷം വീടുകളുടെ നവീകരണത്തിന് എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര രൂപ വീതം നൽകി എന്നും പഞ്ചായത്ത് തിരിച്ചുളള കണക്ക് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സർക്കാർ ഭൂമിയിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഭവനനിർമ്മാണം**

4962

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ ഭവനങ്ങൾ നിർമ്മിക്കാൻ ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സർക്കാർ ഭൂമിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ വീടുകൾ നിർമ്മിക്കുന്നതിന്റെ ഫലമായി പ്രായേണ ആ ഭൂമിയുടേയും വീടുകളുടേയും കൈകാര്യ അവകാശം സ്വകാര്യ വ്യക്തികളിൽ എത്തിച്ചേരാൻ ഇടയുണ്ടെന്ന കാര്യത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച് എന്ത് മുൻകരുതലാണ് കൈക്കൊളളാൻ ഉദ്ദേശിക്കുന്നത്;

(ഇ) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**ഭവനരഹിതർക്ക് വീടു നിർമ്മിച്ചുനൽകാൻ നടപടി**

**4963** **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത കുടുംബങ്ങൾ എത്രയെണ്ണമുണ്ട് ;

(ബി) സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് വീടു നിർമ്മിച്ചു നൽകാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>വിവിധ ഭരണ നിർവ്വഹണ പദ്ധതികൾ വഴി വീട് നിർമ്മാണ സഹായം</u>

4964 ശ്രീ. എ. കെ. ബാലൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഭരണ നിർവ്വഹണ പദ്ധതി പ്രകാരം പുതുതായി വീടും ഭൂമിയും അല്ലെങ്കിൽ വീടു മാത്രം നിർമ്മാണം നടത്തുന്നതിനുള്ള പദ്ധതികളുടെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ ;

(ബി) ഏതെല്ലാം പദ്ധതികൾ വഴി എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മാണ സഹായം ലഭ്യമാക്കിയിട്ടുണ്ട് ; ഇതിൽ എത്ര കുടുംബങ്ങൾക്ക് വീട് ലഭിക്കുകയുണ്ടായി ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂമിയും വീടും ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട് ; ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവരെത്ര; വിശദമാക്കുമോ ;

(ഡി) ഇതിൽ വിവിധ പദ്ധതികൾ വഴി വീടു വയ്ക്കാനുള്ള ആനുകൂല്യത്തിനായി പരിഗണിക്കപ്പെട്ടവരെത്രയായിരുന്നു ;

(ഇ) ഭൂമിയും വീടും ഇല്ലാത്ത ഭൂമി ഉണ്ടെങ്കിലും വീടില്ലാത്ത വിഭാഗങ്ങളിൽ, യാതൊരു ഭവന പദ്ധതി ആനുകൂല്യങ്ങളും ഇതിനകം പരിഗണിക്കപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി**

4965 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വീടും ഭൂമിയും ഇല്ലാത്തവർക്ക് ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ഡി) മണ്ഡലം തലത്തിൽ വീടും ഭൂമിയുമില്ലാത്തവരുടെ പ്രത്യേകം കണക്കുകൾ ശേഖരിച്ച് മുൻഗണനാക്രമം നിശ്ചയിച്ച് ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ധനകാര്യ വകുപ്പിന്റെ കീഴിലെ സ്വയംഭരണ സ്ഥാപനങ്ങൾ**

**4966** ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ കീഴിൽ എത്ര സ്വയംഭരണ സ്ഥാപനങ്ങൾ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് പ്രത്യേകം നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പദ്ധതികൾ**

**4967 ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര പദ്ധതികൾ ആണ് പുതിയതായി പ്രഖ്യാപിച്ചത് ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കി ; ഭാഗികമായി എത്ര പദ്ധതികൾ നടപ്പിലാക്കി ; വിശദാംശങ്ങൾ നൽകാമോ ;

(സി) നടപ്പിലാക്കി എങ്കിൽ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**2011 - 2012 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക**

4968 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011 - 2012 സാമ്പത്തിക വർഷത്തിൽ യു.ഡി.എഫ് സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ വൈദ്യുതപദ്ധതികൾക്ക് വകയിരുത്തിയ തുക എത്രയായിരുന്നു ; അതിൽ ആ വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ബി) പെൻഷനും പലവകയും എന്ന ധനാഭ്യർത്ഥനയിൽ വകയിരുത്തിയ തുക എത്ര ; ആ വർഷം ചെലവഴിച്ചത് എത്ര ;

(സി) നഗര വികസനത്തിനായി വകയിരുത്തിയ തുക എത്ര ; ആ വർഷം ചെലവഴിച്ച തുക എത്ര ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി**

**4969** **ശ്രീ. കെ.കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാർക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) അപേക്ഷിച്ചിരുന്നവരിൽ എത്ര പേർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസിന്റെ പ്രവർത്തനം</u>

4970 **ശ്രീ. ടി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സിവിൽ സ്റ്റേഷനിൽ ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാണെങ്കിലും മലപ്പുറം ജില്ലാ ഇൻഷ്വറൻസ് ഓഫീസ് ഇപ്പോഴും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**അനോമലി പരിഹരിക്കാൻ നടപടി**

**4971**

## ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും നഴ്സുമാരുടെ യൂണിഫോം അലവൻസ് നഴ്സിംഗ് അസിസ്റ്റന്റുമാരേക്കാളും കുറഞ്ഞതിന്റെ കാരണം എന്താണ്;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റോർ സൂപ്രണ്ടുമാരുടെ അനോമലി പരിഹരിക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ആരോഗ്യ വകുപ്പ് സെക്രട്ടറിയും ശുപാർശ നൽകിയിട്ടും എന്തുകൊണ്ട് ഇതുവരെ പരിഹരിച്ചിട്ടില്ല;

(സി) ശമ്പളം ബാങ്കുകളിൽ നൽകാൻ ഉത്തരവായിട്ടും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജീവനക്കാർ അപേക്ഷ നൽകിയിട്ടും നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പാക്കാൻ നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ശമ്പള പരിഷ്കരണ അനോമിലി കമ്മിറ്റി**

**4972**

**ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ശമ്പള പരിഷ്കരണ അനോമിലി കമ്മിറ്റി നിലവിലുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി മുമ്പാകെ എത്ര പരാതികൾ ലഭിച്ചു; പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?**

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>പേറിവിഷൻ അനോമിലി</u>

4973 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ അനോമിലിയുടെ പേരിൽ എത്ര പരാതികൾ തീർപ്പാകാതെ കിടക്കുന്നുണ്ട്;

(ബി) എത്ര പേ റിവിഷൻ അനോമിലികൾ പരിഹരിച്ചു;

(സി) പേ റിവിഷൻ അനോമിലിയുടെ ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഹയർസെക്കന്ററി അധ്യാപകരുടെ പേ റിവിഷൻ അനോമിലിയുമായി ബന്ധപ്പെട്ട ഫയലിൽ പേ റിവിഷൻ സെൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഈ ഫയലിൽ തീരുമാനം വേഗത്തിൽ കൈക്കൊളളാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സ്വയംഭരണാധികാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും മുതൽമുടക്കിന് കിട്ടുന്ന ലാഭവും ലാഭവിഹിതവും**

4974 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണാധികാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സർക്കാരിന്റെ മുതൽമുടക്കിന് കിട്ടുന്ന ലാഭവും ലാഭവിഹിതവും ഇനത്തിൽ 2011-12 സാമ്പത്തിക വർഷം എന്തു തുക ലഭിക്കുകുയുണ്ടായി; പ്രതീക്ഷിച്ചത് എത്രയാണ്;

(ബി) 2010-2011 സാമ്പത്തിക വർഷം ഇത് എത്രയായിരുന്നു; ആനുപാതികമായ വർദ്ധന ഉണ്ടായിട്ടുണ്ടോ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം</u>

**4975**

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം തടയുന്നതിന് ഇടപെടുകയും അത്യാവശ്യ സാമഗ്രികൾ അംഗീകൃത സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കാൻ ജില്ലാടിസ്ഥാനത്തിൽ സംവിധാനം ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യ പദ്ധതി</u>

**4976 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയിൽ നിന്നും സംസ്ഥാനത്തെ വികസനാവശ്യങ്ങൾക്ക് പണം ലഭ്യമാവുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം വിധത്തിലെന്നും വ്യക്തമാക്കുമോ ;

(ബി) ദേശീയ സമ്പാദ്യ പദ്ധതി ആകർഷകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്നും പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>സംരംഭകമിഷൻ വായ്പയ്ക്കുള്ള നടപടിക്രമങ്ങൾ</u>

4977 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സംരംഭകമിഷന്റെ വായ്പയ്ക്കുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ വായ്പ നൽകുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വയം സംരംഭക മിഷൻ**

4978 **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് സ്വയംസംരംഭക മിഷൻ എന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) പദ്ധതി പ്രകാരം എന്തൊക്കെ വിധത്തിലുള്ള തൊഴിലവസര ങ്ങളാണ് യുവജനങ്ങൾക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഐ.ടി. മേഖലയും പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട്**

**4979 ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിന്റെ ഒരു പ്രവൃത്തിയ്ക്ക് 1 കോടി രൂപ എന്നത് 50 ലക്ഷം എന്നാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കൂടുതൽ വികസന പ്രവർത്തനങ്ങൾ മണ്ഡലത്തിൽ നടത്തുന്നതിന് ഈ നിർദ്ദേശം സഹായിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ അനുഭാവപൂർവ്വം ഒരു പ്രവൃത്തിയ്ക്ക് 50 ലക്ഷം എന്നാക്കി മാറ്റുന്നതിന് സാങ്കേതിക തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**നിയോജകമണ്ഡലം ആസ്തി വികസ ഫണ്ട്**

4980 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന ടൗൺഹാൾ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്ക് പുതുതായി നിർദ്ദേശിച്ച നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ ?**

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>ചാത്തന്നൂർ സബ്ട്രഷറി</u>

4981 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന സബ്ട്രഷറി അര നൂറ്റാണ്ടിന് മുമ്പ് നിർമ്മിച്ചതും, ജീർണ്ണിച്ചതുമായ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സബ്ട്രഷറിക്ക് നിലവിലുളള കെട്ടിടം ദേശീയപാത വികസനവുമായി ബന്ധപ്പെട്ടുളള ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുമ്പോൾ പൊളിച്ച് മാറ്റപ്പെടുവാൻ സാദ്ധ്യതയുളള സ്ഥലത്താണ് നിൽക്കുന്നതെന്ന് അധികാരികൾ അറിയിച്ചിട്ടുണ്ടോ; അതിന്മേൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ചാത്തന്നൂർ സബ്ട്രഷറിക്ക് കെട്ടിടനിർമ്മാണത്തിന് ഭൂമി ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടതിൻ പ്രകാരം 24.11.2011 ലെ ജി.ഒ(എം.എസ്) 430/11/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം 4.05 ആർ ഭൂമി നൽകുവാൻ നടപടിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതനുസരിച്ച് ഭൂമി കൈമാറ്റ നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) ഭൂമി കിട്ടിയാൽ ഉടൻ തന്നെ കെട്ടിട നിർമ്മാണത്തിനുളള നടപടിയും ഭരണാനുമതിയും നൽകുമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**ആറ്റിങ്ങൽ സബ്ട്രഷറിയെ റൂറൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതിന് നടപടി**

4982 **ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സബ്ട്രഷറിയെ റൂറൽ ജില്ലാ ട്രഷറിയായി ഉയർത്തുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഫയൽ നമ്പർ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലാ ട്രഷറിയായി ഉയർത്തുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(സി) ജില്ലാ ട്രഷറിയായി ഉയർത്താത്തതിന്റെ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**<u>നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ</u>**

**4983**

**ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി പരിഗണനയിലുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**'ഹഡ്കോയിൽ' നിന്നുള്ള വായ്പ പുനസ്ഥാപിക്കുന്നതിന് നടപടി**

4984 **ശ്രീ. കെ. വി. വിജയദാസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 'ഹഡ്കോ'യിൽ നിന്നുള്ള വായ്പ പുനസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമിയുള്ളതും ഭവനരഹിതരുമായ ആളുകൾക്ക് വീടുവയ്ക്കുന്നതിനായി എന്തെങ്കിലും കർമ്മപരിപാടിയ്ക്ക് ഭവന നിർമ്മാണ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഭവന നിർമ്മാണ വകുപ്പിനെ സ്വകാര്യവത്ക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഭവന നിർമ്മാണ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ഭവന നിർമ്മാണ വകുപ്പിനെ വിഭജിച്ച് ഭവന നിർമ്മാണ വിഭാഗമെന്നും (സാങ്കേതികം) ഭവന വായ്പാ വിഭാഗമെന്നുമാക്കി മാറ്റി ശാക്തീകരിച്ച് പഞ്ചായത്തുകളിൽക്കൂടി വായ്പ ലഭ്യമാക്കുകയും ആയതിന് ഭവന നിർമ്മാണ വകുപ്പ് സാങ്കേതിക സഹായവും നിർവ്വഹിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

<u>നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ</u>

4985 ശ്രീ. എം. എ. ബേബി
ശ്രീമതി പി. ഐഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ നിയമങ്ങളുടെ ചട്ടങ്ങൾ ഇനിയും പുറപ്പെടുവിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ്; വിശദമാക്കാമോ; അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) നിയമങ്ങൾ നിർമ്മിക്കപ്പെട്ടാൽ എത്ര ദിവസത്തിനകം ചട്ടങ്ങൾ തയ്യാറാക്കി പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്?

**കേരള നിയമസഭ**
**04.07.2012 -ലെ മറുപടിക്ക്**

**"നിയമ സഹായ ക്ലിനിക്കുകൾ"**

4986 **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ വർദ്ധിച്ച് വരുന്ന കേസുകൾ പരിഹരിക്കുന്നതിനായി "നിയമ സഹായ ക്ലിനിക്കുകൾ" സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) നിയമസഹായ ക്ലിനിക്കുകൾ "അനുരഞ്ജനത്തിനുള്ള" കേന്ദ്രങ്ങളായാണോ വിവക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമപ്രദേശങ്ങളിലെ നിയമവിദഗ്ദ്ധരേയും സാമൂഹ്യ- രാഷ്ട്രീയ പ്രവർത്തകരേയും ക്ലിനിക്കുകളിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

### വ്യവഹാര നയം നടത്തിപ്പിനായി

4987

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതിയ വ്യവഹാര നയം നടത്തിപ്പിന്റെ നിരീക്ഷണത്തിനായി എംപവേർഡ് കമ്മിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഘടന വ്യക്തമാക്കുമോ;

(സി) ആരെയൊക്കെയാണ് കമ്മിറ്റിയിൽ അംഗങ്ങളാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) കമ്മിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

<u>എ. ഡി. ആര്‍. സെല്ലുകളുടെ ഉദ്ദേശലക്ഷ്യങ്ങള്‍</u>

4988 ശ്രീ. ആര്‍. സെല്‍വരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, അന്‍വര്‍ സാദത്ത്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) എ. ഡി. ആര്‍. സെല്ലുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) തര്‍ക്കങ്ങള്‍ കോടതിക്കുപുറത്തു വച്ചുതന്നെ അനുരഞ്ജനങ്ങള്‍ വഴി തീര്‍പ്പാക്കുന്നതിന് എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് സെല്ലുകള്‍ നടത്തുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഈ സെല്ലുകള്‍ എവിടെയെല്ലാം പ്രവര്‍ത്തിക്കുന്നുണ്ട് ;

(ഡി) എല്ലാ ജില്ലകളിലും ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

## പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടോക്കൺ മണി

**4989**

### ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 100 രൂപ വീതം ടോക്കൺ മണി നിർദ്ദേശിച്ച പൊതുമരാമത്ത് പ്രവൃത്തികൾക്ക് എത്ര നാൾക്കകം ഭരണാനുമതി ലഭിച്ചില്ലെങ്കിലാണ് പ്രവൃത്തി ലാപ്സാകുന്നത്;

(ബി) 1000 രൂപ ടോക്കൺ മണി നിർദ്ദേശിച്ച പ്രവൃത്തി ഭരണാനുമതി ലഭിച്ചില്ലെങ്കിൽ അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യുമോ;

(സി) എങ്കിൽ 100 രൂപ ടോക്കൺ മണി ലഭിച്ച പ്രവൃത്തിയ്ക്ക് 1000 രൂപ ടോക്കൺ മണി നിർദ്ദേശിക്കുന്നതിന് എന്തു നടപടിയാണ് ചെയ്യേണ്ടത്; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**2011-12-ൽ നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്തു പ്രവൃത്തികൾ**

4990 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2011-12 ൽ ധനകാര്യമന്ത്രി നിയമസഭയിൽ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റിൽ നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് വകയിരുത്തിയത്;

(ബി) ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത തുക ഉപയോഗിച്ച് നടപ്പിലാക്കപ്പെട്ടത്;

(സി) ധനകാര്യ വകുപ്പ് പൊതുമരാമത്ത് പ്രവൃത്തികൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ നേമം മണ്ഡലത്തിലേക്ക് വകയിരുത്തിയ തുകയിൽ ചെലവഴിക്കപ്പെട്ടത് എത്ര തുകയാണ്; ചെലവഴിക്കപ്പെടാത്തത് എത്ര തുകയാണ്; വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.07.2012 -ലെ മറുപടിക്ക്

**'കില' യിലെ ജീവനക്കാരുടെ പെൻഷൻ**

**4991 പ്രൊഫ. സി രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻധനകാര്യ വകുപ്പിന്റെ ജീവനക്കാർക്ക് പെൻഷൻ നൽകുവാനുള്ള കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**കെ. എസ്. എഫ്. ഇ. യിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാര്‍**

**4992** ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ ലിമിറ്റഡിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിലവിലെ പ്രൊമോഷന്‍ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷന്‍ അനുപാതം 10% ആക്കുന്നത് സംബന്ധിച്ച് 16.03.2011 -ല്‍ 4130/പി എന്ന നമ്പരില്‍ കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടര്‍ പി.എസ്.സി യ്ക്ക് അയച്ച കത്തിന്മേല്‍ എന്ത് നടപടിയാണ് തീരുമാനിച്ചിട്ടുളളത് എന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.എഫ്.ഇ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷന്‍ അനുപാതം 10% ആയി ഉയര്‍ത്തിക്കൊണ്ടുളള ഉത്തരവ് മുന്‍കാല പ്രാബല്യത്തോടെ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.07.2012 -ലെ മറുപടിക്ക്

**സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിലെ പലിശ നിയന്ത്രിക്കുന്നതിന് നടപടി**

4993

**ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പണമിടപാടുകാരെയും അന്യസംസ്ഥാന ബ്ലേഡുപലിശ സംഘങ്ങളെയും നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) യാതൊരു മാനദണ്ഡവുമില്ലാതെ പലിശ നിരക്കു നിർണ്ണയിക്കുന്നതും പിരിക്കുന്നതും തടയാൻ പ്രത്യേക വകുപ്പുകൾ പ്രസ്തുത നിയമത്തിൻ കീഴിൽ കൊണ്ടുവരുമോ;

(സി) കർശനമായി പ്രസ്തുത നിയമം നടപ്പിലാക്കാൻ എൻഫോഴ്സ്മെന്റ് ഏജൻസികൾ രൂപീകരിക്കുമോ; എങ്കിൽ അതിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദീകരിക്കാമോ?